LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിലെ ഗതാഗത സൗകര്യം

89 [2126] ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാടും മലയും നിറഞ്ഞതും, ടൂറിസം ജില്ലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ വയനാട് ജില്ലയിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ വയനാട് ജില്ലയിൽ പ്രൈവറ്റ് ബസ്സ് ഓപ്പറേറ്റർമാരെ ദീർഘദൂര സർവ്വീസുകൾ നടത്താൻ അനുവദിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കെ. എസ്. ആർ. ടി. സി. യുടെ ആഭിമുഖ്യത്തിൽ കൂടുതൽ ബസ്സുകൾ വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുവാൻ നിർദ്ദേശം കൊടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഏതാനും ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. പുതിയ പെർമിറ്റുകൾ ദീർഘദൂര സർവ്വീസുകൾക്ക് അനുവദിച്ചിട്ടില്ല.

(സി) പ്രൈവറ്റ് ബസ്സുകളെ ഒഴിവാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്വകാര്യവൽക്കരിക്കുന്ന ദേശസാൽകൃത റൂട്ടുകൾ

90 [2127] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ദേശസാൽകൃത റൂട്ടുകളിൽ എവിടെയെങ്കിലും സ്വകാര്യ ബസ്സുകൾക്ക് താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള പെർമിറ്റ് നൽകിയിട്ടുണ്ടോ ;

(ഡി) ദേശസൽകൃത റൂട്ടുകളിലും, ദേശീയപാതകളിലും ലാഭകരമായി നടന്നുവന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കെ. എസ്. ആർ. ടി. സി. മൊത്തം എത്ര സർവ്വീസുകൾ നിർത്തലാക്കി?